പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1809 — 21.1.2014-ൽ മറുപടിക്ക്

മാലിന്യസംസ്ക്കരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) ഉണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയുടെ പ്രീ റിവൈസ്ഡ് പ്രോജക്ട് പ്രകാരമുളള പ്രധാന ഘടകങ്ങളുടെ നിർവ്വഹണം ഏതാണ്ടെല്ലാം തന്നെ പൂർത്തികരിച്ചിരിക്കുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>സംസ്ഥാനത്തെ 9 ജില്ലകളിൽ പദ്ധതി നിർവ്വഹണം നടത്തിയത് വിവിധ ഏജൻസികൾ മുഖേന വിലയിരുത്തൽ പഠനത്തിനു വിധേയമാക്കിയിരുന്നു. തൃപ്തികരവും പൊതുജനോപകാരപ്രദവുമായി പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ നേടുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ടെന്നുമാണ് പൊതു വിലയിരുത്തൽ.<br>കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി കോട്ടയം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞത് കൂടുതലായി ഉപയോഗിച്ച് വരുന്നത് പൈപ്പ് കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റ് എന്നിവയാണ്. വളരെകുറച്ച് സ്ഥലങ്ങളിൽ വെർമി കമ്പോസ്റ്റ്, മൺകല കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് എന്നിവയാണ് സ്വീകരിച്ചുവരുന്നത്. 90% വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണ്. ഇതുമൂലം പരിസ്ഥിതി പ്രശ്നങ്ങൾ വളരെയധികം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് പൊതുവിലയിരുത്തൽ |
| ബി) പുതുതായി എത്ര മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷനിൽ നിന്നും 2012-13 വർഷത്തിൽ 632 ഗ്രാമപഞ്ചായത്തുകൾക്കും, 34 നഗരസഭകൾക്കും 2013-14 വർഷത്തിൽ 155 ഗ്രാമപഞ്ചായത്തുകൾക്കും 8 നഗരസഭകൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ഇനം | ഭൗതിക ലക്ഷ്യം | ഭൗതിക നേട്ടം (31.03.2013 വരെ) | നേട്ടം (ശതമാനം) |
|---|---|---|---|---|
| 1. | ഗാർഹിക കക്കൂസുകൾ (ബി.പി.എൽ) | 961831 | 983540 | 100% |
| 2. | ഗാർഹിക കക്കൂസുകൾ (എ.പി.എൽ) | 111911 | 142883 | 100% |
| 3. | കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ | 1090 | 1047 | 96% |
| 4. | സ്കൂൾ ടോയിലറ്റുകൾ | 3600 | 3709 | 100% |
| 5. | അങ്കണവാടി കക്കൂസുകൾ | 4957 | 5041 | 100% |
| 6. | റൂറൽ സാനിട്ടറി മാർട്ട് പ്രൊഡക്ഷൻ സെന്റർ | 98 | 91 | 93% |